**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2532** **05.11.2019-ൽ മറുപടിക്ക്**

## പാറശ്ശാല മണ്ഡലത്തിൽ സബ് സ്റ്റേഷനും സെക്ഷൻ ആഫീസും

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖര മംഗലം ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാറശ്ശാലമണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത് കേന്ദ്രമാക്കി ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള ശ്രമങ്ങൾ ഇതുവരെ ഫലവത്തായിട്ടില്ല. ശ്രമം തുടർന്നു വരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഒറ്റശേഖരമംഗലം, ആര്യൻകോട് പഞ്ചായത്തുകളിലെ ഉപഭോക്താ ക്കളുടെ സൗകര്യപ്രകാരം ആര്യൻ കോട് കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഒറ്റശേഖരമംഗലം, ആര്യൻകോട് പഞ്ചായത്തുകളിലെ ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം ആര്യൻകോട് കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ആഫീസ് സ്ഥാപിക്കുന്ന കാര്യം പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ആര്യൻകോട് കേന്ദ്രമായി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനക്രമീകരികരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ